LIBRARY ARCHIVES Kerala Legislative Assembly

പന്തളത്തെ കുറന്തോട്ടയം പാലം

129 (2367) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്തെ കുറന്തോട്ടയം പാലം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും അങ്ങയുടെ ആഫീസിൽ പരിഗണനയ്ക്കായി ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത ഫയലിന്മേൽ സാധ്യമാകുന്ന ഫണ്ട് ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ശബരിമലയുമായി ബന്ധപ്പെട്ട തെക്കേയിന്ത്യയിലെ തന്നെ പ്രധാന തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞ പന്തളത്ത് ഇടുങ്ങിയ പാലം കാരണം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രസ്തുത ഫയലിന്മേൽ സമയബന്ധിത അനുകൂലതീർപ്പ് സാദ്ധ്യമാക്കുമോ ?

ഉത്തരം

(എ-സി) പന്തളം ജംഗ്ഷനിൽ എം.സി. റോഡിലെ കുറന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശിപാർശ സഹിതം ധനകാര്യ വകുപ്പിൽ ലഭ്യമാക്കുകയും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ ധനവകുപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരണം

130 (2368) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷൻകാർക്കും മറ്റു പെൻഷൻ വാങ്ങുന്നവർക്കും വേണ്ടി പൊതുഭരണ വകുപ്പിനുകീഴിൽ പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പെൻഷൻകാർ ഇന്നനുഭവിക്കുന്ന നിരവധി പ്രയാസങ്ങൾക്ക് പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരണം വഴി പരിഹാരമാവും എന്ന് കരുതുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ട് ഉണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 1-4-2013 മുതൽ ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നിലവിൽ വന്ന സാഹചര്യത്തിലും പെൻഷൻകാരുടെ കാര്യങ്ങൾ ധനകാര്യ (പെൻഷൻ) വിഭാഗവും ട്രഷറി വകുപ്പും തൃപ്തികരമായ രീതിയിൽ നടത്തുന്നതിനാലും പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരണത്തിന് ഉദ്ദേശിക്കുന്നില്ല.

(സി) യു.ഡി.എഫ്. സ്റ്റേറ്റ് കമ്മിറ്റിയും കേരളാ ഫിനാൻസ് സെക്രട്ടേറിയേറ്റ് അസോസിയേഷനും ഇതുസംബന്ധിച്ച് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ്

131 (2369) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലക്ഷ്യമിട്ട തുക എത്രകോടി രൂപയാണ്; ഇത് മുൻ സാമ്പത്തിക വർഷം യഥാർത്ഥത്തിൽ ലഭിച്ചതിന്റെ എത്ര ശതമാനം അധിക തുകയായിരുന്നു ;

(ബി) 2014-15-ൽ നാളിതുവരെ ലഭിച്ച തുക എത്ര ; മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിൽ ലഭിച്ച തുക എത്ര ; മുൻവർഷം ഇക്കാലയളവിൽ ലഭിച്ചതിന്റെ എത്ര ശതമാനം തുക ഈ വർഷം ഇതിനകം ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ;

(സി) ബഡ്ജറ്റിൽ ആദ്യ പകുതി വർഷം ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം നികുതി യഥാർത്ഥത്തിൽ ലഭിക്കുകയുണ്ടായി ?

ഉത്തരം

(എ) 2014-15-ലെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലക്ഷ്യമിട്ട വരുമാനം 42467.49 കോടി രൂപയാണ്. ഇത് 2013-14-ൽ ഈ ഇനത്തിൽ ലഭിച്ച വരുമാനത്തേക്കാൾ 32.73 ശതമാനം കൂടുതലാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോൾ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലഭിച്ച വരുമാനം 19830.23 കോടി രൂപയാണ്. മുൻ

LIBRARY ARCHIVES Kerala Legislative Assembly